DESPATCHED On..8.3.23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 822(2)/2021**/എസ്.ഐ.സി

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **17293**/എസ്.ഐ.സി-ജി 6/21)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജോഷി തോമസ്,
S/o തോമസ്, ചൂരപ്പുഴ വീട്,
അകലക്കുന്നം വില്ലേജ്,
മുഴൂർ പി.ഒ., കോട്ടയം – 686 503. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം),
ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ട്മെന്റ്,
സിവിൽ സ്റ്റേഷൻ, കളക്ടറേറ്റ് പി.ഒ.,
കോട്ടയം – 686 002. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12.10. 2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 22.12.2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 24.12 2021 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ജോഷി തോമസ്, 22.12.2021ന് സമർപ്പിച്ച പരാതി ഹർജി 24.12.2021ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.822(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 12.10.2021ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കുരോപ്പട പഞ്ചായത്തിൽ മൂങ്ങാക്കുഴി ഫാമിലി ഹെൽത്ത് സെന്ററിലെ ഫാർമസിസ്റ്റ് ജീവനക്കാരിയായ രജനി എന്നവർ ടിയാനോട് മോശമായും അവഹേളിച്ചും പെരുമാറിയതു സംബന്ധിച്ചുള്ളതാണ്.

1) 10.09.2021 തീയതിയിൽ തയ്യാറാക്കിയ പരാതി ടി ഓഫീസിൽ 15.09.2021 തീയതി 16151 നമ്പരായി നൽകിയ പരാതിയുടെ കോപ്പി നൽകണമെന്നും

2) പരാതി പ്രകാരം എന്തു നടപടി സ്വീകരിച്ചുവെന്നും

എ) പരാതിയിന്മേൽ രേഖപ്പെടുത്തിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കണമെന്നും

ബി) അന്വേഷണം നടത്തുന്നതിന് ഏത് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയെന്നും അദ്ദേഹത്തിന്റെ പേരും വിലാസവും തസ്തികയും ലഭ്യമാക്കണമെന്നും

സി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കണമെന്നും

ഡി) പരാതിക്കാരന്റെയും എതിർകക്ഷിയുടെയും ഡോക്ടറുടെയും മൊഴി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ മൊഴിയുടെ കോപ്പി ലഭ്യമാക്കണമെന്നുമാണ്.

ആയതിന് 28.10.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) പകർപ്പ് ലഭ്യമാക്കുന്നതിന് 4/- രൂപ നിശ്ചിത ശീർഷകത്തിൽ ഒടുക്കി രസീത് ഹാജരാക്കേണ്ടതാണെന്നും(ശീർഷകം 0070-60-118-99)
2) (എ) ചോദ്യം വ്യക്തമല്ലെന്നും (ബി) മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ് എഫ്.എച്ച്.സി. കൂരോപ്പടയാണെന്നും
3) റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും
4) ടി ഓഫീസിൽ ലഭ്യമല്ലെന്നും റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ടിയാന്റെ അപേക്ഷ എഫ്.എച്ച്.സി. കൂരോപ്പട മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെന്നുമാണ്.

4. എതിർകക്ഷി 20.01.2023ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കോട്ടയം ജില്ലയിൽ ജില്ലാ മെഡിക്കൽ ആഫീസ്(ആരോഗ്യം) കോട്ടയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന എഫ്.എച്ച്.സി.കൂരോപ്പടയിലെ ഫാർമസിസ്റ്റ് ശ്രീമതി രജനി രവീന്ദ്രനെതിരായി ഹർജിക്കാരൻ 15.09.2021ൽ ജില്ലാ മെഡിക്കൽ ഓഫീസർ മുമ്പാകെ പരാതി സമർപ്പിക്കുകയും ആയത് ഫയലിൽ സ്വീകരിച്ച്

അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി 29.09.2021ന് കത്തു നൽകിയിട്ടുണ്ടെന്നാണ്.

എന്നാൽ ടി നടപടി ക്രമങ്ങൾ സ്വീകരിച്ച സമയത്ത് ടിയാൻ സമർപ്പിച്ച പരാതിയിന്മേൽ വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ട് എസ്.പി.ഐ.ഒ., ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം) കോട്ടയത്തിന് 13.10.2021ൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തുവെന്നാണ്. പ്രസ്തുത അപേക്ഷ പ്രകാരം ടിയാന് ആവശ്യമായ വിവരങ്ങൾ അടങ്ങിയ മറുപടി 28.10.2021ന് നൽകുകയും ടി മറുപടി യിൽ തൃപ്തനല്ലെങ്കിൽ അപ്പീൽ നൽകുവാൻ അപ്പീൽ അധികാരിയുടെ പേര് വിവര ങ്ങൾ ചേർത്ത് ഡെസ്പാച്ച് ചെയ്തിട്ടുണ്ടെന്നാണ്. ആയതിന് ശേഷം ഹർജിക്കാരന്റെ ഭാഗത്തു നിന്ന് യാതൊരുവിധ അപ്പീലുകളോ ആക്ഷേപങ്ങളോ നാളിതുവരെയും ഉണ്ടായിട്ടില്ലെന്നും കമ്മീഷന്റെ നിർദ്ദേശപ്രകാരം മറുപടിയുടെ പകർപ്പ് ഹർജിക്കാ രനും കമ്മീഷനും അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്.

5. 23.01.2023 തീയതി കമ്മീഷൻ കോട്ടയം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർക ക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, 28.10.2021ൽ ഹർജിക്കാരന് മറുപടി നൽകിയതായി കാണുന്നു. പ്രസ്തുത മറുപടി ടിയാന് വീണ്ടും അയച്ചുകൊടുക്കണമെന്ന് കമ്മീഷൻ എതിർക ക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

7. മേൽ നിർദ്ദേശ പ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/